കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കാസറഗോഡ് ജില്ലയിലെ ബളാൽ ഗ്രാമപഞ്ചായത്തിലെ ബസ്സ്റ്റേ & വെയിറ്റിംഗ് ഹാൾ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ പ്രോജക്റ്റ് തയ്യാറാക്കുന്നതിന് ജോസ് & ജെ.ജെ എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയ ഗ്രാമ പഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നല്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.861/2019/ തസ്വഭവ തിരുവനന്തപുരം, തീയതി,16.04.2019.

---

പരാമർശം:- 1. 07.08.2014 ലെ സ.ഉ (സാധാ) നം 2049/2014/തസ്വഭവ

2. 13/10/2015 ലെ സർക്കാർ ഉത്തരവ് നം.3117/15/തസ്വഭവ.

3. ബളാൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ തീയതി വയ്ക്കാത്ത കത്ത്.

4. പഞ്ചായത്ത് ഡയറക്ടറുടെ 11/03/2019 ലെ എഫ്3/23067/2018 നമ്പർ കത്ത്.

## ഉത്തരവ്

കാസറഗോഡ് ജില്ലയിലെ ബളാൽ ഗ്രാമപഞ്ചായത്തിൽ ബസ്സ്റ്റേ& വെയിറ്റിംഗ് ഹാൾ കം ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മിക്കുന്നതിനായുള്ള പ്രോജക്റ്റ് തയ്യാറാക്കുന്നതിലേയ്ക്ക് ടി പ്രോജക്റ്റിന്റെ ആർക്കിടെക്ചറൽ ഏജന്റായി ജോസ്&ജെ.ജെ ആർക്കിടെക്റ്റ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ജോസ്&ജെ.ജെ ആർക്കിടെക്റ്റ് എന്ന സ്ഥാപനവുമായി ബളാൽ ഗ്രാമപഞ്ചായത്ത് എഗ്രിമെന്റ് വച്ച് ടി സ്ഥാപനം തയ്യാറാക്കിയ ലേ ഔട്ടും ഡിസൈനും അംഗീകരിക്കുകയും ചെയ്തുവെന്നും ആയതിനാൽ പ്രസ്തുത പ്രവൃത്തി ജോസ്&ജെ.ജെ ആർക്കിടെക്റ്റ് എന്ന സ്ഥാപനത്തെ ഏൽപ്പിക്കുന്നതിന് അനുമതി നല്കണമെന്നും സൂചന (3)ലെ കത്ത് പ്രകാരം ബളാൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിരുന്നു. ജോസ്&ജെ.ജെ ആർക്കിടെക്റ്റ് എന്ന സ്ഥാപനവുമായി എഗ്രിമെന്റ് വച്ച് ടി സ്ഥാപനം തയ്യാറാക്കിയ ലേ ഔട്ടും ഡിസൈനും അംഗീകരിച്ച സ്ഥിതിയ്ക്ക് മേലിൽ ഇത്തരം വിഷയങ്ങളിൽ പ്രൊക്യുയർമെന്റ് മാന്വൽ പ്രകാരം മാത്രമേ സേവനങ്ങൾ ഉപയോഗപ്പെടുത്താൻ പാടുള്ളൂവെന്ന നിബന്ധനയോടെ കാലിക്കറ്റ് മേഖലയിലെ അക്രഡിറ്റഡ് ഏജൻസിയായ ജോസ്&ജെ.ജെ ആർക്കിടെക്റ്റ് എന്ന സ്ഥാപനത്തിന് എസ്റ്റിമേറ്റിന്റെ 2.33% നിരക്കിൽ കൺസൾട്ടൻസി ഫീസായി നല്കുന്നതിനുള്ള തീരുമാനത്തിന് സാധൂകരണം നല്കാവുന്നതാണന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (4)ലെ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിലും പരാമർശം (2)ലെ ഉത്തരവ് പ്രകാരമുള്ള ഒരു അക്രഡിറ്റഡ് ഏജൻസിയാണ് ജോസ്&ജെ.ജെ ആർക്കിടെക്റ്റ് എന്ന സ്ഥാപനമെന്നതിനാലും പരാമർശം (1)ഉത്തരവ് പ്രകാരം നഗരസഭകളിലെ പ്രവൃത്തികൾക്ക് സ്വകാര്യ ആർക്കിടെക്റ്റുകളുടെ സേവനം ഉപയോഗപ്പെടുത്തി രൂപകല്പനയും എസ്റ്റിമേറ്റും തയ്യാറാക്കുമ്പോൾ കൺസൾട്ടൻസി ഫീസ് 2.33% നൽകാമെന്ന് ഉത്തരവായിട്ടുള്ളതിനാലും, മേലിൽ ഇത്തരം വിഷയങ്ങളിൽ പ്രൊക്യുയർമെന്റ് മാന്വൽ പ്രകാരം മാത്രമേ സേവനങ്ങൾ ഉപയോഗപ്പെടുത്താൻ പാടുള്ളൂവെന്ന നിബന്ധനയോടെ കാസറഗോഡ് ജില്ലയിലെ ബളാൽ ഗ്രാമപഞ്ചായത്തിൽ ബസ്സ്റ്റേ& വെയിറ്റിംഗ് ഹാൾ കം ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മിക്കുന്നതിനായുള്ള പ്രോജക്റ്റ്

(........2

തയ്യാറാക്കുന്നതിലേയ്ക്ക് ടി പ്രോജക്റ്റിന്റെ ആർക്കിടെക്ചറൽ ഏജന്റായി ജോസ്&ജെ.ജെ ആർക്കിടെക്റ്റ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയ നടപടിയ്ക്ക് സാധൂകരണം നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രസിഡണ്ട് /സെക്രട്ടറി ,ബളാൽ ഗ്രാമ പഞ്ചായത്ത്,കാസറഗോഡ്
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് , തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (ഒ . എസ് ) വകുപ്പ് , ഡിബി2/11/18
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ